(ബി) ഇന്റർനെറ്റ് വെബ് ടെക്നോളജി, മൊബൈൽ സാങ്കേതികവിദ്യ, ടച്ച് സ്ക്രീൻ സാങ്കേതികവിദ്യ, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവയാണ് ഇതിനായി ഉപയോഗിക്കുന്നത്.

(സി) ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ, അനുബന്ധ സർട്ടിഫിക്കറ്റുകൾ, കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ, ബിൽഡിംഗ് ഇ-പേയ്മെന്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ വിവരങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ നിജസ്ഥിതി അറിയൽ, ഗസറ്റ് വിവരങ്ങൾ, സർക്കാർ ഉത്തരവുകൾ, CPWD നിരക്കുകൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വാങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ദിനാഘോഷങ്ങൾ, വകുപ്പിന്റെ വിവിധ എക്സിബിഷനുകൾ, പരിപാടികൾ എന്നിവയിലൂടെ തദ്ദേശസ്വയംഭരണ വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രചരണം നൽകി വരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നെഹ്റു ജയന്തി സ്മാരക ഭവനനിർമ്മാണ സഹായം

31 (2997) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നെഹ്റു ജയന്തി സ്മാരകമായി ഭവന നിർമ്മാണ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നുമുതലാണ് പദ്ധതി ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ധനസമാഹരണം എങ്ങനെയാണ് ലക്ഷ്യമിടുന്നതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം,നൽകുന്ന ധനസഹായം എന്നിവയും വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാദ്ധ്യതയാകാത്ത രീതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 9-2-2014-ലെ സ.ഉ. (സാധാ) നമ്പർ 3258/14/തസ്വഭവ ഉത്തരവ് പ്രകാരം ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ ധനസഹായം 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ തനത് ഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്നാണ് തുക നീക്കിവയ്ക്കേണ്ടത്. എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തിന് 2,00,000 (രണ്ട് ലക്ഷം) രൂപയാണ് ധനസഹായമായി നൽകേണ്ടത്. ആയതിലേയ്ക്കായി നിലവിലുള്ള മാനദണ്ഡ പ്രകാരം ഭവന നിർമ്മാണത്തിനായി വാർഡ് തലത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലെ സീനിയോറിറ്റി ക്രമപ്രകാരമാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്.

നാൽക്കവല-മീയണ്ണൂർ-കോമളത്ത് റോഡ് നവീകരണം

32 (2998) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ നാൽക്കവല-മീയണ്ണൂർ-കോമളത്ത് റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ പ്രസ്തുത റോഡ് പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം നവീകരിക്കുന്നതിലേക്കായി നടപടി സ്വീകരിച്ചിരുന്നുവോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡ് നവീകരണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡ് പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളതെന്നും എപ്പോൾ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധം ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത റോഡ് നവീകരണത്തിന് തടസ്സങ്ങൾ നിലവിലുണ്ട്. റോഡ് പ്രവൃത്തി ചെയ്യുന്നതിന് കരാറുടമ്പടി ഒപ്പുവച്ച കരാറുകാരന്റെ ഭാഗത്തുനിന്നുള്ള നിസ്സഹകരണംമൂലം പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല. നിരവധി തവണ നിർദ്ദേശിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ കരാറുടമ്പടി റദ്ദുചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീ-ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly